# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W 6-11876/16 തീയതി - 25/9/2021

## സർക്കുലർ നമ്പർ - 25/2021-22

വിഷയം :- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ സ്പെഷ്യൽ ഡെത്ത് എക്സ്ഗ്രേഷ്യ പ്ലാൻ, 1997-ൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.

സൂചന :- 1. 2021-22ലെ ബോർഡ് ബഡ്ജറ്റ് നിർദ്ദേശം.
2. 23/8/2013 തീയതിയിലെ സർക്കുലർ നമ്പർ 19/13-14.
3. 22/7/21 തീയതിയിലെ തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിന്റെ എച്ച്3/98/2021-തൊഴിൽ നമ്പർ സർക്കാർ കത്ത്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിലുള്ള അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്കായുള്ള സ്പെഷ്യൽ ഡെത്ത് എക്സ്ഗ്രേഷ്യ പ്ലാൻ ഖണ്ഡിക 4 (1) (എ)-യിൽ ഭേദഗതി വരുത്തുന്നതിന് സൂചന (3) പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ നിലവിലുള്ള 50,000/- രൂപ താഴെ പറയുന്ന വ്യവസ്ഥകളോടെ 1,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു നൽകുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

1. നിലവിലുള്ള പ്ലാൻ ഖണ്ഡിക 4 (1) (എ)യിൽ നിലവിലുള്ള 50,000/- രൂപ എന്ന വാക്കുകൾക്ക് പകരം 60,000/- രൂപ മുതൽ 1,00,000/- രൂപ വരെയും അർഹതയനുസരിച്ച് അനുവദിച്ചു നൽകേണ്ടതാണ്.

   മേൽ തുക തൊഴിലാളി മരണപ്പെടുന്നതിന് തൊട്ടു മുൻപുള്ള 12 മാസത്തെ ശരാശരി മാസവേതനത്തിന്റെ 10 ഇരട്ടി തൊട്ടു മുകളിലെ 5000/- രൂപയിൽ തിട്ടപ്പെടുത്തേണ്ടതും (മരണമടഞ്ഞ തൊഴിലാളി മെഡിക്കൽ ലീവ് / അവശത മൂലം ജോലിക്ക് ഹാജരാകാതെ വരുന്ന ഘട്ടത്തിൽ ടിയാൻ അസുഖ ബാധിതനാകുന്നതിന് തൊട്ടുമുൻപുള്ള 12 മാസത്തെ വേതനം കണക്കാക്കി തുക തിട്ടപ്പെടുത്താവുന്നതാണ്.) അപ്രകാരം തിട്ടപ്പെടുത്തിയ തുക 60,000/- രൂപയ്ക്കു മുകളിൽ വരുന്ന തുകയോ 1,00,000/- രൂപയോ ഏതാണ് കുറവെന്നാൽ ആയത് അനുവദിക്കേണ്ടതും തിട്ടപ്പെടുത്തിയ തുക 60,000/- രൂപയിൽ താഴെ വരുന്ന സാഹചര്യത്തിൽ ഏറ്റവും കുറഞ്ഞ തുക 60,000/- രൂപയായി നിജപ്പെടുത്തി അനുവദിക്കേണ്ടതുമാണ്.

2. പ്ലാൻ ഖണ്ഡിക 4 (1) (എ)യിൽ മാത്രമാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. നിലവിലുള്ള പ്ലാനിലെ മറ്റ് വ്യവസ്ഥകൾക്കൊ നിർദ്ദേശങ്ങൾക്കൊ യാതൊരു മാറ്റവും ഉണ്ടായിരിക്കുന്നതല്ല.

മേൽ ഭേദഗതിക്ക് 25/9/2021 തീയതി മുതൽ പ്രാബല്യം ഉണ്ടയിരിക്കുന്നതാണ്.

ഈ സർക്കുലർ ലഭിച്ചതിനുള്ള കൈപ്പറ്റ് രസീത് എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും മടക്കത്തപാലിൽ അയക്കേണ്ടതാണ്. കൂടാതെ സബ് ഓഫീസിലേക്ക് സർക്കുലർ കോപ്പി ജില്ലാ ഓഫീസിൽ നിന്നും അയച്ച് നൽകി പ്രസ്തുത വിവരം കൂടി അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/c)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്കും, സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർമാർ.

പകർപ്പ്

ബോർഡ് ഓഫീസിലെ എല്ലാ സൂപ്രണ്ടുമാർക്കും, എഫ്2 സെക്ഷൻ, സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്